കൊച്ചി നഗരത്തിലെ ഗതാഗതകുരുക്ക് സുഗമമാക്കാൻ എൻ എച്ച് 66 ബൈപ്പാസിൽനിന്ന് കാക്കനാട് ഇൻഫോപാർക്ക് വരെ നാലുവരിപ്പാതയുടെ നിർമ്മാണത്തിന് വിശദമായ പ്രോജക്ട് റിപ്പോർട്ടിന് സ്പീഡ് കേരള പദ്ധതിയിൽപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണം കെ.എസ്.സി.സി.-യെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി തിരുവല്ല, തൊടുപുഴ എന്നീ ബൈപ്പാസുകളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 2.3 കിമീ നീളം വരുന്ന തിരുവല്ല ബൈപ്പാസ് നിർമ്മാണം ഒരു പ്രത്യേക പ്രവൃത്തിയായും 2.57 കി. മീ. നീളം വരുന്ന തൊടുപുഴ ബൈപ്പാസ് നിർമ്മാണം പൊൻകുന്നം-തൊടുപുഴ റോഡ് വികസന പ്രവൃത്തിയിലുൾപ്പെടുത്തിയുമാണ് പണി നടത്തുന്നത്. ഈ രണ്ട് പ്രവൃത്തികളുടെയും നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു.

(സി) ദേശീയപാതാ വികസനത്തിനാവശ്യമായ ബൈപ്പാസുകളുടെ നിർമ്മാണ പ്രവൃത്തികളെല്ലാം തന്നെ കേന്ദ്ര സഹായത്താൽ നിർവ്വഹിക്കേണ്ടതാണ്. എന്നാൽ സംസ്ഥാനത്തെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാൽ ദേശീയപാതാ വികസനം മുടങ്ങിയ സാഹചര്യത്തിൽ കൊല്ലം, ആലപ്പുഴ എന്നീ ബൈപ്പാസുകൾ പ്രത്യേകമായി എടുത്ത് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ വിഹിതത്തോടെ 2 വരിപ്പാതയായി നിർമ്മിക്കുവാൻ തീരുമാനിക്കുകയും ഇതിന്റെ പ്രവൃത്തി ടെണ്ടർ അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണത്തിനായി മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി 145 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളും, സ്ഥലമേറ്റെടുക്കൽ നടപടിയും പൂർത്തീകരിക്കാനാവശ്യമായ ഫണ്ട് ഇപ്പോൾ വകയിരുത്തിയിട്ടില്ല.

**സയൻസ് സിറ്റി**

10(*400) ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. എ. വാഹീദ്:
ശ്രീ. എം. പി.വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സയൻസ് സിറ്റി സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനുള്ള ധനം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; അറിയിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

വിദ്യഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : സർ,

(എ) ഉണ്ട്. കോട്ടയം, കുറവിലങ്ങാട് കേന്ദ്രമാക്കി സയൻസ് സിറ്റി തുടങ്ങാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. 30 ഏക്കർ സ്ഥലം കൃഷി വകുപ്പിൽ നിന്നും ഏറ്റെടുത്തു. ചുറ്റുമതിലിന്റെ പണി പൂർത്തിയായി വരുന്നു. സയൻസ് സിറ്റിയുടെ ഭാഗമായ സയൻസ് സെന്റർ തുടങ്ങുന്നതിനുവേണ്ടിയുള്ള നാഷണൽ കൗൺസിൽ. ഓഫ് സയൻസ് മ്യൂസിയത്തിന്റെ നേതൃത്യത്തിൽ ആരംഭിച്ചുകഴിഞ്ഞു.

(ബി) പൊതുസമൂഹത്തിൽ ശാസ്ത്ര സംബന്ധമായ അറിവുകളുടെ കാര്യക്ഷമമായ വിതരണം സാദ്ധ്യമാക്കുക, ജനങ്ങളിൽ ശാസ്ത്ര ബോധവും ആഭിമുഖ്യവും വളർത്തിയെടുക്കുക എന്നതാണ് സയൻസ് സിറ്റികൊണ്ട് ലക്ഷ്യമാക്കുന്നത്. ശാസ്ത്രത്തിന്റെ വളർച്ചയും, വികാസവും ചിത്രീകരിക്കുന്നതിനും വിവിധ ശാസ്ത്ര പഠനശാഖകളുടെ തത്വങ്ങളെയും അടിസ്ഥാന സിദ്ധാന്തങ്ങളെയും പ്രായോഗിക രൂപത്തിൽ പരിചയപ്പെടുത്തുന്നതിനും വേണ്ടി തയ്യാറാക്കിയ വിവിധ ഗ്യാലറികൾ, സ്പേസ് തിയേറ്റർ, സയൻസ് പാർക്ക്, സയൻസ് ലൈബ്രറി, ബോട്ടാണിക്കൽ ഗാർഡൻ, ശാസ്ത്ര പ്രദർശന ഹാളുകൾ, വാട്ടർ തീം സയൻസ് പാർക്ക്, ബട്ടർഫ്ളൈ പാർക്ക്, ത്രില്ലേറിയം, ഹൈടെക്ക് ക്ലാസ്സ് മുറികൾ, സെമിനാർ ഹാളുകൾ തുടങ്ങിയ സംവിധാനങ്ങളൊക്കെ ഒരു കുടക്കീഴിൽ യാഥാർത്ഥ്യമാക്കുന്ന ബൃഹത്തായ ഒരു പ്രദർശന നഗരിയാണ് സയൻസ് സിറ്റി കൊണ്ട് ഉദ്ദേശിക്കുന്നത്. കോട്ടയത്ത് ശാസ്ത്ര നഗരി യാഥാർത്ഥ്യമാകുന്നതോടെ ശാസ്ത്ര വിദ്യാഭ്യാസത്തിന്റെയും ശാസ്ത്രാധിഷ്ഠിത വിനോദത്തിന്റെയും ഏഷ്യയിലെ ഏറ്റവും വലിയ കേന്ദ്രമായി കോട്ടയം മാറും. ശാസ്ത്ര പ്രതിഭകൾ, ഗവേഷകർ തുടങ്ങിയവർ പങ്കെടുക്കുന്ന ചർച്ചകളും സെമിനാറുകളും ഈ നഗരിയെ ശാസ്ത്രാന്വേഷികളുടെ ഒരു സംഗമ കേന്ദ്രമാക്കി മാറ്റും. ശാസ്ത്ര വിദ്യാഭ്യാസം, ടൂറിസം, തൊഴിൽ മേഖലകളിൽ സംസ്ഥാനത്തിന്റെ വളർച്ചക്കും വികസനത്തിനും ഇത് വഴിയൊരുക്കും.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏകദേശം 100 കോടി രൂപ ചെലവുള്ള ഈ പദ്ധതിക്ക് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളിൽനിന്നും, നോൺഗവൺമെന്റൽ ഓർഗനൈസേഷനുകളിൽ നിന്നും ധനം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിക്ക് സംസ്ഥാന സർക്കാർ നാളിതുവരെ 32.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) 30 ഏക്കർ ഭൂമി കൃഷി വകുപ്പിൽ നിന്നും പദ്ധതിക്കു വേണ്ടി ഏറ്റെടുത്തിട്ടുണ്ട്. ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. സയൻസ് സിറ്റിയുടെ ഭാഗമായ സയൻസ് സെന്ററിന്റെ കെട്ടിടനിർമ്മാണം നാഷണൽ കൗൺസിൽ ഫോർ സയൻസ് മ്യൂസിയത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചു കഴിഞ്ഞു.

## ഹയർസെക്കണ്ടറി സ്കൂൾ പ്രവേശനത്തിന് ഏകജാലക സംവിധാനം

11(*401) ശ്രീ. എം. എ. ബേബി :

ശ്രീ. സാജു പോൾ :

ശ്രീമതി. കെ. കെ. ലതിക :

പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർസെക്കണ്ടറി സ്കൂൾ പ്രവേശനത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഹയർസെക്കണ്ടറി സ്കൂൾ പ്രവേശനത്തിന് മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഏകജാലക സംവിധാനം നിർത്തലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) ഇപ്പോൾ ഏകജാലക സംവിധാനം ഫലപ്രദമായി നടപ്പാക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് ഈ സംവിധാനം യാതൊരു പരാതികളുമില്ലാതെ കുറ്റമറ്റ രീതിയിൽ നടന്നിരുന്ന കാര്യം അറിവുള്ളതാണോ;

(ഡി) സാമൂഹ്യനീതിയും അവസരസമത്വവും എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിന് ഏകജാലകസംവിധാനം കുറ്റമറ്റരീതിയിൽ സംസ്ഥാനത്ത് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly